"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഗതാഗത വകുപ്പ് - കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് സഹായമായി 20 കോടി രൂപ റിലീസ് ചെയ്തുകൊണ്ടും 27.03.2025 ലെ സ.ഉ.(സാധാ) നം. 159/2025/TRANS നമ്പർ ഉത്തരവ് റദ്ദ് ചെയ്ത് കൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (എ) വകുപ്പ്**

സ.ഉ.(സാധാ) നം.174/2025/TRANS തീയതി,തിരുവനന്തപുരം, 07-04-2025

---

പരാമർശം:- സ.ഉ.(സാധാ) നം. 159/2025/TRANS തീയതി 27.03.2025.

**<u>ഉത്തരവ്</u>**

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് 2024-25 സാമ്പത്തിക വർഷം സഹായമായി പരാമർശ ഉത്തരവ് പ്രകാരം അനുവദിച്ച 20 കോടി രൂപ, ടി സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിൽ റിലീസ് ചെയ്ത് നൽകാൻ സാധിച്ചിരുന്നില്ല.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷം അവസാനിച്ചതിനാൽ, നടപ്പുവർഷത്തെ (2025-26) ബജറ്റ് പ്രൊവിഷനിൽ നിന്ന് കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് സഹായമായി 20,00,00,000/- രൂപ (ഇരുപത് കോടി രൂപ മാത്രം) 7055-00-190-99-കെ.എസ്.ആർ.ടി.സി.യ്ക്കുള്ള വായ്പകൾ (പ്ലാൻ) ശീർഷകത്തിൽ നിന്നും, 27.04.2013-ലെ 40/2013/ധന. നമ്പർ പരിപത്രത്തിലേയും 16.05.2018-ലെ സ.ഉ.(കൈ) നം. 169/2018/ധന. നമ്പർ ഉത്തരവിലേയും വ്യവസ്ഥകൾക്ക് വിധേയമായി കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ 701011400000157 നമ്പർ എസ്.ടി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് റിലീസ് ചെയ്തുകൊണ്ടും പരാമർശ ഉത്തരവ് റദ്ദ് ചെയ്ത് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി ബി നൂഹ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം.
ധനകാര്യ (പി.യു.-എ) വകുപ്പ്
(03-04-2025-ലെ നം. 3102668/PU-A2/36/2025-FIN പ്രകാരം)

വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (E 2792048)

ഉത്തരവിൻ പ്രകാരം,

Signed by
Sawmini Jayakumar
സെക്ഷൻ ഓഫീസർ.
Date: 08-04-2025 12:14:42

പകർപ്പ്:- ബഹു. ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.
ഗതാഗത വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.